(സി) സംസ്ഥാന വിഹിതത്തിന്റെ കൃത്യമായ നീക്കിയിരുപ്പ് നടത്താത്തതിനാൽ പദ്ധതികളുടെ നടത്തിപ്പിൽ ബുദ്ധിമുട്ടുകളൊന്നും ഉണ്ടായിട്ടില്ല.

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുനഃക്രമീകരണത്തിലും, ഫണ്ടിംഗ് പാറ്റേണിലും അന്തിമ തീരുമാനമായശേഷമേ പദ്ധതികളുടെ നടത്തിപ്പിനെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്താൻ കഴിയുകയുള്ളൂ.

## കൃഷി മൃഗസംരക്ഷണ വകുപ്പുകളുടെ ഫാമുകളിലെ ജൈവകൃഷി

**29 (*149)** ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി മൃഗസംരക്ഷണ വകുപ്പുകളുടെ ഫാമുകളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുവാൻ ആസൂത്രണം ചെയ്തിരിക്കുന്ന കർമ്മ പദ്ധതികൾ വിശദമാക്കുമോ ;

(ബി) ഇതിനായി പ്രസ്തുത ഫാമുകളിൽ പശുവളർത്തൽ കേന്ദ്രങ്ങൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത ഫാമുകളിൽ ജൈവ വളങ്ങളും ജൈവ കീടനാശിനികളും മാത്രം ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പാക്കാനായി നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) കൃഷി വകുപ്പിന്റെ ഫാമുകളിൽ ജൈവ കൃഷിരീതിക്ക് മുൻഗണന നൽകിക്കൊണ്ടുള്ള കൃഷി രീതികളാണ് അവലംബിച്ചിട്ടുള്ളത്. ഇതിന് അനുബന്ധമായി എല്ലാ ഫാമുകളിലും ജൈവവളത്തിന്റെ ലഭ്യത ഉറപ്പാക്കാനായി പശു വളർത്തൽ യൂണിറ്റുകൾ, ആട്ടുവളർത്തൽ, പൗൾട്രി യൂണിറ്റുകൾ, മണ്ണിരകമ്പോസ്റ്റ് യൂണിറ്റുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു. മൃഗസംരക്ഷണ വകുപ്പിലെ പശുവളർത്തൽ ഫാമുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

ചാണകം, സ്ലറി, (വെള്ളം, ഗോമൂത്രം) എന്നിവ പുൽകൃഷി ചെയ്യുന്ന തിനായി ഉപയോഗിക്കുന്നു. ആയതിലേയ്ക്കായി ഫാമുകളിൽ ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) കൃഷി വകുപ്പിന്റെ ഫാമുകളിൽ ജൈവവളത്തിന്റെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി ഫാമിൽ പശു വളർത്തൽ യൂണിറ്റുകൾ തുടങ്ങിക്കഴിഞ്ഞു. മൃഗസംരക്ഷണ വകുപ്പിൽ 4 പശുവളർത്തൽ കേന്ദ്രങ്ങൾ നിലവിലുണ്ട്. (ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം, കടപ്പനക്കുന്ന്/ജഴ്സിഫാം, വിതുര/ജഴ്സിഫാം എക്സ്റ്റൻഷൻ യൂണിറ്റ്, ചെറ്റച്ചൽ / ബഫല്ലോ ബ്രീഡിംഗ് ഫാം, കുരിയോട്ടുമല) കൂടാതെ കാസർഗോഡ് ജില്ലയിലെ ബദിയഡുക്ക ഗ്രാമപഞ്ചായത്തിൽ കേരളത്തിലെ നാടൻ കന്നുകാലികളെ വളർത്തുന്നതിനും അവയുടെ സംരക്ഷണവും ലക്ഷ്യമാക്കി മൃഗസംരക്ഷണ വകുപ്പിന്റെ ചുമതലയിൽ തുടങ്ങുന്ന ഫാമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.

(സി & ഡി) കൃഷി വകുപ്പിന്റെ ഫാമുകളിൽ ജൈവകൃഷി രീതിക്ക് പ്രാധാന്യം നല്കികൊണ്ടുള്ള കൃഷി രീതി നടപ്പിലാക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാനായി കൃഷി വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചും ജില്ലാ പഞ്ചായത്തിൽ പ്രോജക്ട് സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കിയും പശുവളർത്തൽ കേന്ദ്രങ്ങൾ/ഡെയറി യൂണിറ്റുകൾ, പൗൾട്രി യൂണിറ്റുകൾ എന്നിവ നടത്തുന്നതിനുള്ള ഫണ്ട് കണ്ടെത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

മൃഗസംരക്ഷണ വകുപ്പിലെ പശുവളർത്തൽ ഫാമുകളിൽ ചാണകം, സ്ലറി, (വെള്ളം, ഗോമൂത്രം) എന്നിവ ഉപയോഗിച്ചാണ് പുൽകൃഷിയും, അനുബന്ധമായി പച്ചക്കറി കൃഷിയും ചെയ്യുന്നത്. ആയതിലേയ്ക്കായി ഫാമുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. പ്രധാന ഫാമുകളിലെല്ലാം അഗ്രിക്കൾച്ചർ ഓഫീസർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

## ത്രിതല പഞ്ചായത്തുകളിൽ സോഷ്യൽ ഓഡിറ്റിംഗ്

**30 (*150)** <u>ശ്രീ. സി. എഫ്. തോമസ്</u>:
<u>ശ്രീ. മോൻസ് ജോസഫ്</u>:
<u>ശ്രീ. റ്റി. യു. കുരുവിള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്തുകളുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ അവലോകനം നടത്തി, കൂടുതൽ ജനോപകാരപ്രദമായ രീതിയിൽ പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;



LIBRARY ARCHIVES Kerala Legislative Assembly